(ജി) നിലവിൽ കോർപ്പറേഷന്റെ ഒരു മാസത്തെ ചെലവ് 228 കോടി രൂപയാണ്. 2009-10 - ലെ വാർഷിക കണക്കനുസരിച്ച് ഒരു മാസത്തെ ശരാശരി ചെലവ് 116.43 കോടി രൂപയാണ്.

2010-11-ലെ വാർഷിക കണക്കനുസരിച്ച് ഒരു മാസത്തെ ശരാശരി ചെലവ് 139.45 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി. യെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ

244 (7807) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ ഉന്നമനം ലക്ഷ്യംവച്ച് 2001 മുതൽ എത്ര പഠനങ്ങൾ നടന്നിട്ടുണ്ട് ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ)

1. കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പഠനം നടത്തുന്നതിനായി സർക്കാർ ഒരു ഹൈപവർ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി 32 ശുപാർശകളടങ്ങിയ ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. (2003)

2. മേൽ പഠന റിപ്പോർട്ടിലെ ശുപാർശ പ്രകാരം, കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നത് (Organizational Restructuring) സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

3. സാമ്പത്തികവും മാനേജ്മെന്റ് തലത്തിലുള്ള പ്രതിസന്ധിയിൽ നിന്ന് കോർപ്പറേഷനെ കരകയറ്റുന്നതിനായി ശ്രീ. സുശീൽ ഖന്ന 2006-ൽ പഠനം നടത്തിയിട്ടുണ്ട്.

4. കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തികമായി പുനരുജ്ജീവിപ്പിച്ച്, പുനരുദ്ധരിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ 2012 ജനുവരി മാസം നിയോഗിക്കുകയും ടി സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ശേഖരിച്ച് ലഭ്യമാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly